പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ T.5567.

06-07-2012-ൽ മറുപടിയ്ക്ക്

## കെയിൻ, ബാംബു മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണം

ചോദ്യം

ശ്രീ.വി.ശശി:

ഉത്തരം

ശ്രീ.ഷിബുബേബി ജോൺ
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

(എ) പരമ്പരാഗത വ്യവസായങ്ങളായ കെയിൻ, ബാംബൂ മേഖലയിൽ എത്ര തൊഴിലാളികൾ ഓരോ ജില്ലയിലും പ്രവൃത്തിയെടുക്കുന്നുണ്ട്;

(എ)

| ജില്ല | രജി: തൊഴിലാളികൾ | സജീവമായിട്ടുള്ളവർ |
|---|---|---|
| എറണാകുളം | 8399 | 5418 |
| തിരുവനന്തപുരം | 2390 | 1286 |
| പത്തനംതിട്ട | 700 | 165 |
| തൃശ്ശൂർ | 300 | 160 |
| ഇടുക്കി | 873 | 153 |
| ആകെ | 12662 | 7182 |

(ബി) കയർ, കൈത്തറി, കശുവണ്ടി മേഖലകൾക്ക് നൽകുന്ന പ്രാധാന്യം കെയിൻ, ബാംബൂ മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിനും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) തൊഴിൽ വകുപ്പിനു കീഴിൽ വരുന്ന കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികളെ വരുമാന ഉറപ്പു പദ്ധതയിൽ ഉൾപ്പെടുത്തി നടപ്പു സാമ്പത്തിക വർഷം 22/3/2012-ലെ സ.ഉ.(എം.എസ്) 44/2012/തൊഴിൽ പ്രകാരം പദ്ധതി നടപ്പിലാക്കാനായി 1,70,60,000/- രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ഇവർക്ക് അസംസ്കൃത സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കാനും ഉൽപ്പന്നങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

(സി) സംസ്ഥാന ബാംബൂ **കോർപ്പറേഷൻ,** കോർപ്പറേഷന്റെ നെയ്ത്തു തൊഴിലാളികൾക്ക് ആവശ്യമായത്ര ഈറ്റ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരത്തോടെ ലഭ്യമാക്കുന്നുണ്ട്. കോർപ്പറേഷന്റെ വിപണനമേഖല ഊർജ്ജസ്വലമാക്കുക **വഴി** തൊഴിലാളികൾക്ക് ഉല്പന്നങ്ങൾക്ക് **മെച്ചപ്പെട്ട** വില ലഭ്യമാക്കാനുള്ള ശ്രമവും നടത്തിവരുന്നു. കൂടാതെ, കോർപ്പറേഷന്റെ **പ്രാഥമിക** ഉല്പന്നമായ പനമ്പ് അസംസ്കൃത വസ്തുവായി ഉപയോഗിച്ച് ഉണ്ടാക്കുന്ന ബാംബൂ പ്ളൈ എന്ന ഉല്പന്നവും മുള ഉപയോഗിച്ച് നിർമ്മിക്കുന്ന ഫ്ളാറ്റൻഡ് ബാംബൂ ബോർഡും മറ്റൊരു ഉല്പന്നമായ **ഫ്ളോറിംഗ്** ടൈൽസും ഈ മേഖലയെ പ്രതിനിധാനം ചെയ്യുന്നു. മേൽ വിവരിച്ച ഉല്പന്നങ്ങൾ മികച്ച സാങ്കേതിക വിദ്യകളോടെ **മൂല്യവർദ്ധിത** ഉല്പന്നങ്ങളാക്കി മാറ്റാനുള്ള നടപടികൾ ബാംബൂ കോർപ്പറേഷൻ കൈക്കൊണ്ടുവരുന്നു.

**സെക്ഷൻ ഓഫീസർ**